LSGD

കേരള സർക്കാർ

# തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശസ്വയം ഭരണ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

സിവിൽസ്റ്റേഷൻ, കൊല്ലം. പിൻ നമ്പർ ,[illegible]

ഇ - മെയിൽ–ivo1lsgdkollam@gmail.com ഫോൺ നമ്പർ – 0474 2794961

LSGD/JD/KLM/IVO1/149/25 തീയതി: 22/10/2025

ഇന്റേണൽ വിജിലൻസ് ഓഫീസർ–1 &
കൺവീനർ
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കൊല്ലം

ശ്രീ. ഐ.ജോർജ്ജ്
ഇട്ടിക്കത്ര വീട്
പുതുപ്പള്ളി തെക്ക് പി.ഒ
കായംകുളം

സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് – ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കൊല്ലം - ആലപ്പാട് ഗ്രാമപഞ്ചായത്ത് - കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന : താങ്കൾ ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിയിൽ സമർപ്പിച്ച TLKLM 10308000022 നമ്പർ അപേക്ഷ.

ആലപ്പാട് ഗ്രാമപഞ്ചായത്ത് വാർഡ് 1-ൽ മത്സ്യവ്യവസായ ആവശ്യത്തിനായി ഐസ് യൂണിറ്റ് നിർമ്മിക്കുന്നതിന് KCZMA യിൽ നിന്നും ലഭിച്ച അനുമതിയിൽ 300 ച.മീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ 4 ച.മീറ്റർ അധികമായി നിർമ്മാണം നടത്തിയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചില്ലെന്ന് പരാതിയിൽ സൂചിപ്പിച്ചിരിക്കുന്നു.

ആലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിൽ മത്സ്യമേഖലയ്ക്ക് ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് KCZMA യുടെ അനുമതി 300 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായിരുന്നു. എന്നാൽ ടി കെട്ടിട നിർമ്മാണം പൂർത്തിയാക്കിപ്പോൾ 17.49 ച.മീറ്റർ അധിക നിർമ്മാണം നടത്തിയതായി സൂചിപ്പിച്ചിട്ടുള്ളതും ആയത് പൊളിച്ചുമാറ്റുന്നതിനായി താങ്കൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായും കെട്ടിട നമ്പർ അനുവദിക്കുന്നതിനായി താങ്കൾ നൽകിയ അപേക്ഷ KCZMA യ്ക്ക് ക്ലിയറൻസിനായി നൽകിയതിന്റെ അടിസ്ഥാനത്തിൽ KCZMA യുടെ മുൻകൂർ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള വ്യാവസായിക കെട്ടിട നിർമ്മാണങ്ങൾക്ക് ക്രമവൽകരണ അനുമതി നൽകുവാൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ താങ്കളുടെ അപേക്ഷ KCZMA നിരസിച്ചിട്ടുള്ളതാണെന്നും

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. അധിക നിർമ്മാണം പൊളിച്ച് മാറ്റിയാൽ താങ്കളുടെ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതാണെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതാണ്.

KCZMA യുടെ അനുമതി പ്രകാരമുള്ള അളവിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെട്ടിടത്തിന് നമ്പർ അനുവദിക്കുകയുള്ളൂ. ആയതിനാൽ അധികമായി നടത്തിയ 17.49 ച.മീറ്റർ കെട്ടിട ഭാഗം പൊളിച്ചുനീക്കിയ ശേഷം അപേക്ഷ നൽകുന്ന മുറയ്ക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണെന്ന് ഉപജില്ലാ അദാലത്ത് സമിതിയുടെ 14/10/2025 തീയതിലെ 1-ാം നമ്പർ തീരുമാന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഇന്റേണൽ വിജിലൻസ് ഓഫീസർ-1 &
കൺവീനർ
ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം